മന്ത്രുരോഗ വ്യാപനമുള്ള പ്രദേശങ്ങളിൽ 5000 പേർക്ക് ഒരു ഫീൽഡ് വർക്കർ എന്ന അനുപാതത്തിലാണ് നിയമനം നടത്തുന്നത്.

(ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## സിവിൽ സർജൻമാരുടെ ഒഴിവുകൾ

**59 (6764)** ശ്രീ. കെ. അജിത്.- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഇടയാഴം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സിവിൽ സർജൻമാർ ഉൾപ്പെടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(ബി) ഇടയാഴം ബ്ലോക്ക് പി.എച്ച്.സി.-യിൽ എൻ.ആർ.എച്ച്.എം.വഴി ഡോക്ടർമാരെയോ മറ്റ് ജീവനക്കാരെയോ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇടയാഴം ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ നിലവിലുള്ള തസ്തികകളെക്കുറിച്ചും ഒഴിവുകളെക്കുറിച്ചുമുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് | ഒഴിവുകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| സിവിൽ സർജൻ | 2 | 1 | 1 |
| അസിസ്റ്റന്റ് സർജൻ | 3 | 3 | ... |
| ഫാർമസിസ്റ്റ് | 1 | 1 | ... |
| സ്റ്റാഫ് നഴ്സ് | 4 | 4 | ... |
| നഴ്സിംഗ് അസിസ്റ്റന്റ് കോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 2 | 1 | 1 |
| ക്ലാർക്ക് | 2 | 2 | ... |
| ആഫീസ് അറ്റന്റന്റ് | 1 | 1 | |
| ഡ്രൈവർ | 1 | ... | 1 |
| ഓപ്റ്റോമെട്രിസ്റ്റ് | 1 | 1 | ... |
| ലാബ് ടെക്നീഷ്യൻ | 1 | 1 | ... |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | ... |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | ... | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 2 | 2 | ... |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II | 5 | 5 | ... |
| ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | ... |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | ... |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10 | 10 | ... |
| പാർട്ട്-ടൈം സ്വീപ്പർ | 1 | 1 | ... |

(ബി) ഇടയാഴം ബ്ലോക്ക് സാമൂഹികാരോഗ്യകേന്ദ്രത്തിൽ എൻ.ആർ. എച്ച്.എം വഴി ഒരു സ്റ്റാഫ് നഴ്സിനെയും ആറ് സ്കൂൾ ഹെൽത്ത് നഴ്സുമാരെയും നിയമിച്ചിട്ടുണ്ട്.

**വൈപ്പിൻ നിയോജകമണ്ഡലം-ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

**60 (6765)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്രയാണ് ; ഇപ്പോൾ ജോലി ചെയ്യുന്നവർ എത്രപേർ ; എത്ര ഒഴിവുകൾ ഉണ്ട് എന്ന് രേഖാമൂലം വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ഒഴിവുകളും സംബന്ധിച്ച വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു :



LIBRARY ARCHIVES Kerala Legislative Assembly